**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 20.10.2016-ൽ |
| ചോദ്യം നമ്പർ - 406 | മറുപടിയ്ക്ക് |

# ശബരിമല അനുബന്ധ റോഡുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.രാമചന്ദ്രൻ നായർ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഉത്സവകാലത്തിന് മുമ്പ് ശബരിമല അനുബന്ധ റോഡുകളുടെ അറ്റകുറ്റ പണികൾ പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28.07.2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 56/2016/പൊ.മ.വ. പ്രകാരം പൊതു മരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം, KSTP എന്നിവയിൽ ഉൾപ്പെട്ടു വരുന്ന പ്രധാന 26 റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപയുള്ള ഭരണാനുമതിയും, പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഗുണനിലവാരം മുൻ നിർത്തി, മാനദണ്ഡങ്ങൾക്കനുസൃതമായി മണ്ഡലകാലം തുടങ്ങുന്നതിനു മുൻപു തന്നെ ശബരിമല റോഡുകളുടെ പുനഃരുദ്ധാരണം പൂർത്തികരിക്കുന്നതിനായി ഇ-ടെണ്ടർ മുഖേന മേൽ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിക്കുകയും, പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ എല്ലാവിധ ഗുണനിലവാര പരിശോധനകളും നടത്തിയുമാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. ഒക്ടോബർ 31-നകം പൂർത്തീകരിക്കുന്നതാണ്.<br><br>എന്നാൽ അനുബന്ധ റോഡുകൾക്ക് 100 കോടി രൂപ ആവശ്യപ്പെട്ട് നൽകിയ കത്തിന്മേൽ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല. അനുമതി ലഭിച്ചാൽ നിർമ്മാണം ആരംഭിക്കാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറായി ഇരിക്കുകയാണ്. |

(ബി) ശബരിമല റോഡുകളുടെയും അനുബന്ധ റോഡുകളുടെയും പ്രവൃത്തികൾ ഗുണനിലവാരത്തോടുകൂടി കാര്യക്ഷമമായും അഴിമതി രഹിതമായും നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി) പ്രവൃത്തികളിൽ അഴിമതി ആരോപണം ഒഴിവാക്കുന്നതിന്റെ ഭാഗമായി ജന പ്രതിനിധികളുടെയും, ജില്ലാ കളക്ടർ മാരുടെയും, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെയും സംയുക്ത പരിശോധന നടത്തിയാണ് ടി പ്രവൃത്തികൾ തെരഞ്ഞെടുത്തിട്ടുള്ളത്. ഈ സംയുക്ത പരിശോധനാ സംഘത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രവൃത്തികൾക്കുള്ള തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനും, പൊതുമരാമത്ത് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്ന ഗുണമേന്മ ഉറപ്പു വരുത്തുന്നതിനുമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ